LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടയ വിതരണത്തിനായി 'ഭൂരഹിതരില്ലാത്ത കേരളം 2015' പ്രകാരം പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് ഭൂമിയുടെ ഉടമസ്ഥാവകാശത്തിന് അർഹതയുള്ള എല്ലാവർക്കും വിവിധ വിഭാഗങ്ങളിലുള്ള പട്ടയ വിതരണം, പട്ടയമേളകൾ സംഘടിപ്പിച്ചുകൊണ്ട് ത്വരിതപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയായിട്ടുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി 3 സെന്റ് ഭൂമി വീതം പതിച്ച് കൊടുത്ത് ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) ഭൂമി സൗജന്യമായി വിട്ടുതന്ന് പദ്ധതിയുമായി ചില വ്യക്തികളും സഹകരിച്ചുവരുന്നു.

(ഡി) പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു കൂടാതെ സംസ്ഥാന/ ജില്ല/താലൂക്ക് തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ചും പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികളും ഭരണതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

വെളിയം ഐ.എച്ച്.ഡി.പി. കോളനിക്കാർക്ക് പട്ടയവും കൈവശരേഖയും

118 (3865) ശ്രീ. ജി. എസ് ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ വെളിയം വില്ലേജിൽ മാലയിൽ ഐ.എച്ച്.ഡി.പി. കോളനിയിൽ ആകെ എത്ര ഏക്കർ ഭൂമിയാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത കോളനിയിൽ ആകെ എത്ര കുടുംബങ്ങളാണ് ഇപ്പോൾ വീട് വച്ച് താമസമാക്കിയിട്ടുള്ളത് ;

(സി) ഇവരിൽ എത്ര കുടുംബങ്ങൾക്ക് കൈവശരേഖ, പട്ടയം എന്നിവ നൽകിയിട്ടുണ്ട്, ശേഷിക്കുന്ന കുടുംബങ്ങൾ എത്രയാണ് ;

(ഡി) കൊല്ലം ജില്ലാ കളക്ടറുടെ 5/87-ലെ L11-17356/86-ാം നമ്പർ ഉത്തരവ് പ്രകാരം എത്ര കുടുംബങ്ങൾക്ക് ഇവിടെ പട്ടയം നൽകിയിരുന്നുവെന്നും ഇതിൽ എത്ര കുടുംബങ്ങൾ പട്ടയം കൈപ്പറ്റി അവിടെ താമസം ആരംഭിച്ചുവെന്നും അറിയിക്കുമോ ;

(ഇ) കേരള സർക്കാർ റവന്യൂ ജി.ഒ (എം എസ്.) നമ്പർ 156/00 dt. 1-6-2000 പ്രകാരം ഇവിടെ എത്ര കുടുംബങ്ങൾക്ക് കൈവശരേഖ നൽകിയിരുന്നുവെന്ന് അറിയിക്കുമോ ;

(എഫ്) ഇപ്പോൾ പ്രസ്തുത കോളനിയിൽ പട്ടയവും കൈവശരേഖയും ഇല്ലാത്ത എത്ര കുടുംബങ്ങൾ സ്ഥിര താമസക്കാരായിട്ടുണ്ട് ; ഇവരിൽ 2000-ന ശേഷം താമസമാക്കിയിട്ടുള്ളവരും പട്ടയം ഇല്ലാത്തതുമായ കുടുംബങ്ങൾ ഉണ്ടോ ; എങ്കിൽ എത്ര കുടുംബങ്ങൾ എന്ന് അറിയിക്കുമോ ;

(ജി) പട്ടയം ഇല്ലാത്തതും 2000-ന ശേഷം സ്ഥിര താമസമാക്കിയതുമായ കുടുംബങ്ങൾക്ക് പട്ടയം/കൈവശരേഖ നൽകുവാൻ വകുപ്പ് നടപടി ആരംഭിച്ചിരുന്നുവോ ; എങ്കിൽ ആയതിന്റെ നടപടികളും പുരോഗതിയും അറിയിക്കുമോ ; പ്രസ്തുത കോളനിയിലുള്ളവർക്ക് എത്രയും വേഗം പട്ടയം/കൈവശരേഖ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

നൈറ്റ് ഡ്യൂട്ടി ചെയ്യേണ്ടി വരുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ

119 (3866) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ പകൽ ജോലിക്കുശേഷം രാത്രികാല ജോലികൂടി ചെയ്യുന്നതിന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) നൈറ്റ് ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാർക്ക് നൽകുന്ന വിശ്രമം ഏതൊക്കെ സമയത്താണ് ;

(സി) ഡേ ഡ്യൂട്ടിയോട് ചേർന്ന് നൈറ്റ് ഡ്യൂട്ടി ചെയ്യുവാൻ ജീവനക്കാരെ നിർബന്ധിക്കുന്നത് മനുഷ്യാവകാശ ലംഘനമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മറ്റേതെങ്കിലും വകുപ്പുകളിൽ ഇതുപോലെ ജോലി ചെയ്യേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ പ്രത്യേക സാഹചര്യം അനുസരിച്ച് പല തസ്തികകളിലും ഉള്ള ജീവനക്കാരെ രാത്രി കാലങ്ങളിലടക്കം കൺട്രോൾ റൂം ഡ്യൂട്ടിക്ക് നിയോഗിച്ചുവരുന്നുണ്ട്. മേൽ പറഞ്ഞ ആവശ്യത്തിലേക്ക് നിയോഗിക്കുന്ന ജീവനക്കാരിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരും ഉൾപ്പെടുന്നു. കേരള സർവ്വീസ് റൂൾസ് പാർട്ട് I, റൂൾ 14 പ്രകാരമാണ് ഇപ്രകാരം ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്നത്.

(ബി) നൈറ്റ് ഡ്യൂട്ടി ചെയ്യുന്നവർക്ക് ഓരോ ദിവസത്തിനും ഒരു ദിവസത്തെ കോമ്പൻസേറ്ററി അവധി അനുവദിക്കാറുണ്ട്.

(സി) നൈറ്റ് ഡ്യൂട്ടി ചെയ്ത ജീവനക്കാരെ സാധാരണ ഗതിയിൽ പിറ്റേ ദിവസം പകൽ സമയത്തെ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കാറുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly